"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2023-24 വർഷം ബഡ്ജറ്റിൽ നോൺ പ്ലാൻ സാലറി ഇനത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അഞ്ചാമത്തെ ഗഡുവായി 850 ലക്ഷം രൂപ (എട്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.1193/2023/ID തീയതി,തിരുവനന്തപുരം, 25-11-2023

---

പരാമർശം:-
1. സ.ഉ.(സാധാ)നം.296/2023/വ്യവ. തീയതി 12.04.2023.
2. സ.ഉ(സാധാ) നം.489/2023/വ്യവ. തീയതി 26.05.2023.
3. സ.ഉ(സാധാ) നം.783/2023/വ്യവ. തീയതി 02.08.2023.
4. സ.ഉ(സാധാ) നം.1018/2023/വ്യവ. തീയതി 01.10.2023.
5. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 04.11.2023 -ലെ കെ.ബി.2371/ 2019/എ8 നമ്പർ കത്ത്.

**ഉത്തരവ്**

2023-24 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നോൺ - പ്ലാൻ സാലറി ഫണ്ടിനത്തിൽ 46,00,20,000/- രൂപ (നാല്പത്തിയാറു കോടി ഇരുപതിനായിരം മാത്രം) 2851-00-105-99-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പരാമർശം ഉത്തരവുകൾ പ്രകാരം ആകെ 32,34,00,000/- (മുപ്പത്തിരണ്ടു കോടി മുപ്പത്തിനാലു ലക്ഷം രൂപ മാത്രം) നാലു ഗഡുക്കളായി ഖാദി ബോർഡിന് നൽകിയിരുന്നു.

2. 2023-24 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഖാദി ബോർഡ് ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി അഞ്ചാമത്തെ ഗഡു അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (5) പ്രകാരം ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സർക്കാരിന് ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിലെ ജീവനക്കാർക്ക് 2023 നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തിലെ അഞ്ചാം ഗഡുവായി "2851-00-105-99-31-KK&VI Board-Administrative Expenses" എന്ന ശീർഷകത്തിൽ നിന്നും 850 ലക്ഷം രൂപ (എട്ട് കോടി അൻപത് ലക്ഷം രൂപാ മാത്രം) താഴെപ്പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി റിലീസ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു:

1.അനുവദിക്കുന്ന തുക ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

2. ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് മാത്രം വിനിയോഗിക്കേണ്ടതും, വക മാറ്റി ചെലവഴിക്കാൻ പാടില്ലാത്തതുമാകുന്നു.

3. 09.12.2008 -ലെ 84/2008/ധന, 29.08.2009 -ലെ 75/2009/ധന, 30.01.2018 -ലെ 08/2018/ധന, 16.06.2018 -ലെ 53/2018/ധന നമ്പർ പരിപത്രങ്ങളിൽ വിവക്ഷ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

4. തുടർന്നുള്ള ഫണ്ട് റിലീസിനായുള്ള നിർദ്ദേശങ്ങളിൽ, അനുവദിച്ച തുകയെ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ചെലവിനെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള സാക്ഷ്യപത്രവും G.O.(Ms)No.04/2020/Fin dated 09.01.2020 നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

5. Loan Monitoring and Fund Management System സംബന്ധിച്ച് G.O.(P)NO.157/2021/Fin dated 26.11.2021, G.O.(P)NO.171/2021/Fin dated 18.12.2021 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ

കർശനമായി പാലിക്കേണ്ടതാണ്.

4) വ്യവസായ വാണിജ്യ ഡയറക്ടർ/അഡീഷണൽ ഡയറക്ടർ തുക പിൻവലിച്ച് ഖാദി ബോർഡ് സെക്രട്ടറിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമൻ ബില്ല
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്( 23.11.2023 ലെ PU-D1/31/2023-ധന നമ്പർ കുറിപ്പ് പ്രകാരം)
ഐ & പി ആർ വകുപ്പ് (ജി. ഒ. ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ഫയൽ (IND-K1/101/2023-IND)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
സെക്ഷൻ ഓഫീസർ
Date: 27-11-2023 11:41:35